കേരളാ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർ

1459. [2199] ശ്രീ കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എട്ടാം സ്റ്റാൻഡാർഡ് പാസായ വികലാംഗർ, എസ്. എസ്. എൽ. സി. പാസായിട്ടുള്ളവർ, സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ളവർ തുടങ്ങിയ പാർട്ട്ടൈം ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ നൽകുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പാർട്ട്ടൈം കണ്ടിജൻസി ജീവനക്കാർക്ക് പ്രൊമോഷൻ നൽകി നിയമിക്കാനായി റിസർവ് ചെയ്തിട്ടുള്ള ലാസ്റ്റ് ഗ്രേഡ് സർവീസിലെ തസ്തികകളിലേക്കുള്ള പ്രൊമോഷൻ സാദ്ധ്യതയിലുണ്ടായിരുന്ന അസന്തുലിതാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിൽ തുല്യത ഉറപ്പുവരുത്തുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർ തയ്യാറാക്കുന്ന പാർട്ട്ടൈം ജീവനക്കാരുടെ ജില്ലാതല സീനിയോറിറ്റി ലിസ്റ്റുകളിൽനിന്നും മ്യൂസിയം ആൻറ് സൂ, മൃഗസംരക്ഷണം എന്നീ വകുപ്പുകളൊഴികെ മറ്റു വകുപ്പുകളിലുണ്ടാകുന്ന റിസർവ്ഡ് തസ്തികകളിലെ ഒഴിവുകളിലേക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ഇതിനാവശ്യമായ ഭേദഗതി ലാസ്റ്റ് ഗ്രേഡ് സർവീസ് സ്പെഷ്യൽ റൂളിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ഏതെങ്കിലും ഒരു പ്രത്യേക സർവീസിലിരിക്കുന്ന ജീവനക്കാരെ അവർ സമ്പാദിച്ചിട്ടുള്ള ജനറലും സാങ്കേതികവുമായ യോഗ്യതകളുടെ അടിസ്ഥാനത്തിൽ മറ്റു പരിഗണന കൂടാതെ ഉയർന്ന തസ്തികകളിലേക്ക് പ്രൊമോട്ട് ചെയ്തു നിയമിക്കുന്നതിന് വ്യവസ്ഥയില്ല ; ഇത് അപ്രായോഗികവുമാണ്.

അവാർഡിനർഹരായ വികലാംഗരായ സർക്കാർ ജീവനക്കാർ

1460. [2200] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ഗവൺമെന്റിന്റെ അവാർഡിനർഹരായ വികലാംഗരായ സർക്കാർ ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

ഉത്തരം

സംസ്ഥാന സർക്കാരിന്റെ അവാർഡിനർഹരാകുന്ന വികലാംഗരായ സർക്കാർ ജീവനക്കാർക്ക് 1000 രൂപയുടെ കാഷ് അവാർഡും യോഗ്യതാപത്രവും നൽകുന്നു. അവാർഡ് സ്വീകരിക്കുവാൻ വരുന്നതിന് അവർക്കർഹമായ യാത്രാ ബത്തയും ദിനബത്തയും അനുവദിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ ഐ. എ. എസ്. ഐ. പി. എസ്. ഉദ്യോഗസ്ഥൻമാരുടെ മേലുള്ള നിയന്ത്രണം

1461 [2202] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly